ആക്ഷേപിച്ച അന്നാട്ടിലെ ഒരു പത്രത്തിന്റെ അധിപരെ ഫിലിപ്പൈൻ പ്രസിഡണ്ട് വ്യക്തിപരമായി താക്കീതു ചെയ്യുകയുണ്ടായി. ഏഷ്യൻ രാജ്യങ്ങൾക്ക് ഗൾഫ് പണം വലിയൊരാവശ്യമാണ്; അവിടങ്ങളിലെ തൊഴിലില്ലായ്മയ്ക്ക് ഗൾഫ് ജോലികൾ അതുല്യമായൊരാശ്വാസവും.

ഗൾഫ് തൊഴിലാളികളുടെ വരുമാനം ഉപയോഗിച്ച് അതാതു നാടുകളിൽ വ്യവസായങ്ങൾ തുടങ്ങാനുള്ള പരിശ്രമങ്ങൾ വളരെയൊന്നും വിജയിച്ചിട്ടില്ല. ഫിലിപ്പൈൻ തൊഴിലാളികളുടെ കൂലിയിൽ എഴുപതു ശതമാനമെങ്കിലും നാട്ടിലേക്കയയ്ക്കണമെന്ന ഫിലിപ്പൈൻ സർക്കാരിന്റെ കല്പന പാലിക്കാത്തവരാണധികം. അതിനാൽ ഗൾഫ് പണം അവിടെ കരിഞ്ചന്തയിലേക്ക പോകുന്നു. പാകിസ്ഥാനിലെ സ്ഥിതിയും വ്യത്യസ്തമല്ല. ഇന്ത്യയിലെ കാര്യം നമുക്കറിയാമല്ലോ. ഗൾഫ് പണം ഉപയോഗിച്ച ജനങ്ങൾ ഉപഭോഗസാധനങ്ങൾ സ്വന്തം നാടുകളിൽ വാങ്ങിക്കൂട്ടുന്നു. റേഡിയോ, ടെലിവിഷൻ, ടേപ്പ് റിക്കാർഡർ, ക്യാമറ, വാച്ച്, കുക്കിങ് റെയ്ഞ്ജ് മുതലായവ ഏഷ്യൻ രാജ്യങ്ങളിലെ ഉൾനാടുകളിൽപ്പോലും നിത്യോപയോഗത്തിൽ വന്നതു് അങ്ങനെയാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കേരളത്തിൽ ഭൂമിയുടെ വില പത്തിരട്ടിയായി വർദ്ധിച്ചതും മാർക്കററിൽനിന്നു സിമൻറ് അപ്രത്യക്ഷമായതും ഗൾഫ് പണം മൂലമാണെന്നു് 'ടൈം' വാരിക എടുത്തുപറയുന്നു.

ഈ പുതിയ സമ്പന്നതയുടെ ഫലമായി ഒരു പുതിയ മദ്ധ്യവർഗം നിലവിൽ വന്നിരിക്കുന്നു. ഫിലിപ്പൈൻ ദ്വീപുകളിൽ ഈ സമ്പന്നത 'സാമ്പത്തികമായ ഒരനുഗ്രഹവും സാമൂഹ്യമായ ഒരു ശാപവും' ആണത്രേ. താളം തെററിയ ദാമ്പത്യങ്ങൾ അവിടെ സാധാരണമായിരിക്കുന്നു. ഗൾഫിൽ പോയി പണം തേടി തിരിച്ചു വരുന്ന പലരും പഴയ ഭാര്യമാരെക്കൊണ്ടു തൃപ്തിപ്പെടുന്നില്ല. ഭർത്താക്കന്മാർ ഗൾഫിൽ പോയിരിക്കെ, നാട്ടിലുള്ള യുവാക്കളുമായി സമ്പർക്കത്തിലേർപ്പെടുന്ന ഭാര്യമാരും കുറവല്ല. പുറംനാടുകളിൽ ജോലിക്കുപോയ പല സ്ത്രീകളും ഗർഭിണികളായി മടങ്ങിവരുന്നു.

'ഗൾഫ് സമ്പന്നത' എത്ര കാലത്തേക്ക തുടരും? എത്ര കാലത്തേക്കും തുടരാം. സൗദി അറേബ്യ, ഇറാക്ക്, ഇറാൻ, ലിബിയ എന്നിവിടങ്ങളിൽ പുതിയ പദ്ധതികൾ രൂപംകൊണ്ടു വരുകയാണ്. മററു രാജ്യങ്ങളും ഈ രംഗത്തേക്ക വന്നുകൂടായ്കയില്ല. ഏതെങ്കിലും തൊഴിലിൽ വൈദഗ്ദ്ധ്യവും, ജോലി ചെയ്യാൻ സന്നദ്ധതയും, ആരോഗ്യവും, യൗവനവും അല്പം ഭാഗ്യവുമുണ്ടെങ്കിൽ, ഗൾഫ് സമ്പന്നതയിൽ പങ്കുചേരാൻ ഏഷ്യൻ യുവാക്കൾക്ക് അവസരം കിട്ടാവുന്നതേയുള്ളൂ.

19 നവംബർ, 1981

# 69. ഗൾഫ് സമ്പാദ്യവും കേരളത്തിലെ ദാരിദ്ര്യവും

'ബഹുജനദാരിദ്ര്യത്തിന്റെ സ്വഭാവം' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധ അമേരിക്കൻ ധനശാസ്ത്രജ്ഞനായ ജോൺ കെന്നെത്ത് ഗാൽബ്രെയ്ത്ത് 1979-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ധനികരാജ്യങ്ങളിൽ ഒരു ന്യൂനപക്ഷത്തിനു് (ഉദാ: അമേരിക്കയിൽ നീഗ്രോവർഗക്കാർക്ക്) കണ്ടുവരുന്ന ദാരിദ്ര്യത്തിൽനിന്നു മൗലികമായി വ്യത്യാസപ്പെട്ടതാണ്,

ഇന്ത്യപോലെയുള്ള ദരിദ്രരാജ്യങ്ങളിൽ ഭൂരിപക്ഷം ജനങ്ങൾക്കിടയിൽ കണ്ടുവരുന്ന ദാരിദ്ര്യമെന്ന് ഈ ഗ്രന്ഥത്തിൽ ഗാൽബ്രെയ്ത്ത് സമർത്ഥിക്കുന്നു. ദരിദ്രരാജ്യങ്ങളിലെ ജനങ്ങൾ തങ്ങളുടെ ദാരിദ്ര്യം പരിഹരിക്കാൻ ശ്രമിക്കുന്നതായല്ല, മറിച്ച്, ദാരിദ്ര്യത്തിന്റെ സന്തുലനം നിത്യമായി നിലനിറുത്തുന്നതായാണു കാണുന്നത്. പ്ലാനിങ്, പൊതുമേഖലയിലും സ്വകാര്യമേഖലയിലും മൂലധനനിക്ഷേപം, വ്യവസായവല്ക്കരണം, കൃഷി വ്യാപനം, വിദ്യാഭ്യാസ വികസനം, വൻതോതിലുള്ള പൊതുമരാമത്ത് എന്നിങ്ങനെ ധനികരാജ്യങ്ങളിലെ ദരിദ്രരുടെ ദാരിദ്ര്യം നിവാരണം ചെയ്യുന്നതിന് പ്രയോജനപ്പെടുന്ന മാർഗങ്ങളൊന്നും ദരിദ്രരാജ്യങ്ങളുടെ ദാരിദ്ര്യം നിവാരണം ചെയ്യുന്നതിൽ വേണ്ടത്ര ഫലിക്കുന്നില്ല. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി സമ്പത്ത് അല്പം വർദ്ധിക്കുമ്പോഴേക്കും ദരിദ്രരാജ്യങ്ങളിൽ ജനസംഖ്യ അതിലേറെ വർദ്ധിക്കുന്നു. അങ്ങനെ ദരിദ്രർക്കിടയിൽ കൂടുതൽ വരുമാനം, വരുമാനവർദ്ധനയെ തടയുന്ന ഘടകങ്ങൾക്കു ജന്മം നൽകുന്നു. സ്വന്തം വാൽ വിഴുങ്ങുന്ന പാമ്പുപോലെ ദരിദ്രരാജ്യങ്ങളിൽ വികസനം അതിനെത്തന്നെ വിഴുങ്ങുന്നു. ഒടുവിൽ ജനങ്ങൾ പഴയപടി ദാരിദ്ര്യവുമായി ഒത്തുതീർപ്പിലെത്തുന്നു. അനിവാര്യമായ ദാരിദ്ര്യത്തിൽ നിന്ന് ദരിദ്രരാജ്യങ്ങളിലെ ഭൂരിപക്ഷത്തിന് എന്നും രക്ഷയില്ല. ന്യൂനപക്ഷങ്ങൾക്കു മാത്രമേ രക്ഷപ്പെടാനാവൂ. അങ്ങനെ ദാരിദ്ര്യത്തിൽനിന്നു രക്ഷപ്പെടുന്നതിനുള്ള പ്രധാന മാർഗം, സമ്പന്നരാജ്യങ്ങളിൽ കുടിയേറിപ്പാർക്കുകയാണെന്ന് ഈ പുസ്തകത്തിൽ ഗാൽബ്രെയ്ത്ത് പ്രതിപാദിക്കുന്നു.

കൂടുതൽ മൂലധനനിക്ഷേപം ഉണ്ടായതുകൊണ്ടു മാത്രം ഒരു ദരിദ്രപ്രദേശം സമ്പന്നമായിക്കൊള്ളണമെന്നില്ലെന്നും, മറിച്ച് ദരിദ്രമായ ഒരു പ്രദേശത്ത് പെട്ടെന്നുണ്ടാവുന്ന മൂലധനനിക്ഷേപം അവിടെ പാർക്കുന്ന ദരിദ്രരെ കൂടുതൽ കഷ്ടപ്പെടുത്താനേ ഉപകരിക്കൂ എന്നുമുള്ള ഗാൽബ്രെയ്ത്തിന്റെ വാദഗതിയെ സമർത്ഥിക്കുന്നില്ലേ ഇക്കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്ന 'ഗൾഫ് സമ്പാദ്യം?'

ഈ വിഷയത്തെപ്പററി സമഗ്രപഠനങ്ങൾ കണ്ടിട്ടില്ല. ഭാഗിക പഠനങ്ങൾ നടന്നിട്ടുള്ളവ കാണിക്കുന്നത്, ഗാൽബ്രെയ്ത്തിന്റെ വാദം തികച്ചും പരമാർത്ഥമാണെന്നാണ്.

മദ്രാസ് സർവകലാശാലയിലെ കാർഷിക–ധനശാസ്ത്രഗവേഷണ കേന്ദ്ര (എ. ഇ. ആർ. സി) ത്തിന്റെ തലവനായ ഡോ. എ. അർപ്പുതരാജ് കേരളത്തിലെ തൃശ്ശൂർ ജില്ലയിൽ 150 വീടുകളിൽ 'ഗൾഫ് സമ്പാദ്യം' 1980-ാമാണ്ടിൽ വരുത്തിച്ചേർത്ത സാമൂഹ്യ മാററങ്ങളെപ്പററി ഒരു പഠനം നടത്തുകയുണ്ടായി. ഈ പഠനത്തിന്റെ ഫലങ്ങൾ 131 പേജുള്ള ഒരു പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗൾഫ് സമ്പാദ്യം കേരളത്തിൽ പലരുടെയും ജീവിതനിലവാരം ഉയർത്തുകയും പല കുടുംബങ്ങളിലും ആഹ്ലാദവും സംതൃപ്തിയും എത്തിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ജനങ്ങളിൽ ഭൂരിപക്ഷത്തിന്റെയും ദാരിദ്ര്യത്തിനു മൂർച്ചകൂട്ടുകയാണ് ഈ സമ്പാദ്യത്തിന്റെ ഫലമെന്നത്രേ ഈ പഠനത്തിന്റെ മുഖ്യ നിഗമനം. ഏതാനും ചിലരുടെ ഗൾഫ്സമ്പാദ്യം ഉപഭോഗസാധനങ്ങളുടെ ആവശ്യത്തെ വളരെ വർദ്ധിപ്പിച്ചു. വിലകളെ വാണംപോലെ കയററി; ഭൂമിയുടെ വില സാധുക്കളുടെ ഭാവനയ്ക്കുപോലും എത്താനാവാത്തത്ര ഉയർത്തുകയും ചെയ്തു. കൂലിയിൽ വന്ന വർദ്ധനയും എടുത്തുപറയത്തക്കതാണ്. ഇതെല്ലാം കാരണം 'ഗൾഫ് സമ്പാദ്യം' ഇല്ലാത്ത ബഹുഭൂരിപക്ഷത്തിന്റെ ജീവിതം കേരളത്തിൽ ദുർവഹമായിത്തീർന്നിരിക്കുന്നു.

കേരളത്തിൽനിന്നു വിദേശങ്ങളിൽ പോയിട്ടുള്ളവർ രണ്ടു ലക്ഷത്തി ഏഴായിരത്തി എണ്ണൂററഞ്ച് (2,07,805) പേരാണത്രേ. ഇവരിൽ അഞ്ചി

ലൊരു ഭാഗം, അതായത് നാല്പതിനായിരത്തി ഇരുനൂററിരുപത്തിനാല് (40,224) പേർ തൃശ്ശൂർ ജില്ലയിൽനിന്നാകുന്നു. ഇവരിൽത്തന്നെ തൊണ്ണൂററഞ്ചു ശതമാനത്തോളം പോയിട്ടുള്ളതു് ഗൾഫ് രാജ്യങ്ങളിലേക്കാണ്. ഗൾഫ് രാജ്യങ്ങളിൽ ജോലിയുള്ളവർ ഉൾപ്പെട്ട 150 കുടുംബങ്ങളാണ് ഡോ. അർപ്പുതരാജ് പഠനവിഷയമാക്കിയതു്. ഈ കുടുംബങ്ങളിൽ ആകെ 366 പുരുഷന്മാരും 538 സ്ത്രീകളുമടക്കം 904 ആളുകളുണ്ടായിരുന്നു ഒരു കുടുംബത്തിൽ ശരാശരി 6.03 പേർ.

പന്തീരായിരം രൂപമുതൽ ഒരുലക്ഷത്തിയിരുപതിനായിരം രൂപവരെ പ്രതിവർഷം 'ഗൾഫ് സമ്പാദ്യം' ഉള്ളവർ ആയിരുന്നു ഡോ. അർപ്പുതരാജ് പഠനത്തിനു വിഷയമാക്കിയ കുടുംബങ്ങൾ. 1980-ൽ ഈ കുടുംബങ്ങളുടെ ശരാശരി വരുമാനം 21,035 രൂപയായിരുന്നു. ഇതിൽ 81 ശതമാനവും ഗൾഫിൽനിന്നുള്ള സമ്പാദ്യംതന്നെ. 'ഗൾഫ് സമ്പാദ്യം' തുടങ്ങുംമുമ്പ് ഈ കുടുംബങ്ങളുടെ ശരാശരി വാർഷിക വരുമാനം 3,522 രൂപ മാത്രമായിരുന്നു. അതായതു് 'ഗൾഫ് സമ്പാദ്യം' ഇവരുടെ കുടുംബവരുമാനം ആറിരട്ടിയാക്കിയിരിക്കുന്നു.

ചെലവു കഴിച്ചുള്ള മിച്ചം ഉപയോഗിച്ച് ഈ കുടുംബങ്ങൾ നേടുന്നതു് മുഖ്യമായും ഭൂമി, കെട്ടിടം, ശാശ്വതസ്വഭാവമുള്ള ഉപഭോഗവസ്തുക്കൾ (റേഡിയോ, ടേപ്പ്റിക്കാർഡർ മുതലായവ), ആഭരണങ്ങൾ എന്നിവയാണ്. ഇവ വാങ്ങാനുപയോഗിച്ച പണത്തിൽ 99.6 ശതമാനവും 'ഗൾഫ് സമ്പാദ്യ'മായിരുന്നു. ഗൾഫ് പണക്കാർ പണിയിക്കുന്ന വലിയ വികൃതരൂപങ്ങളായ കോൺക്രീററ് കെട്ടിടങ്ങളുടെ നിറപ്പകിട്ടും, അവയിൽ പാർക്കുന്നവരുടെ ധാരാളിത്തപ്രദർശനവും റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്.

'ഗൾഫ് സമ്പാദ്യ'മുള്ള കുടുംബങ്ങളുടെ ശരാശരി ആസ്തി 3,82,715 രൂപയാണെന്ന് ഡോ. അർപ്പുതരാജിൻെറ റിപ്പോർട്ടിൽ മതിച്ചിരിക്കുന്നു. ഗൾഫ് സമ്പാദ്യമില്ലാത്ത അയൽപക്കത്തെ കുടുംബങ്ങളുടെ ശരാശരി ആസ്തി 72,514 രൂപയെന്നാണ് കണക്കാക്കിയിട്ടുള്ളതു്. ഗൾഫ് സമ്പാദ്യമുള്ള കുടുംബങ്ങളുടെ പ്രതിവർഷച്ചെലവ് 4,372 രൂപയിൽനിന്ന് 1980-81-ൽ 10,980 രൂപയായി വർദ്ധിച്ചു. അവരുടെ ഭക്ഷണം, വസ്ത്രം എന്നിവയുടെ ഗുണനിലവാരത്തിൽ വ്യത്യാസം പ്രകടമായിരുന്നു. വിദ്യാഭ്യാസം, വൈദ്യസഹായം, വിനോദം (സിനിമ മുതലായവ) എന്നിവയ്ക്കു വേണ്ടിയുള്ള ചെലവും പെട്ടെന്നു വർദ്ധിച്ചു.

'ഗൾഫ് സമ്പാദ്യം' ഈ കുടുംബങ്ങളുടെ ഭൗതികസാഹചര്യത്തിൽ പ്രകടമായ മാററം വരുത്തി. മൺകുടിലുകളുടെ സ്ഥാനത്തു മൊസൈയ്ക്ക് തറയുള്ള കോൺക്രീററ് കെട്ടിടങ്ങൾ ഉയർന്നു. മുണ്ടും ഷർട്ടും പോയി, ടെറിലീൻ സൂട്ട് ആയി. കാളവണ്ടി കാറിനു വഴിമാറിക്കൊടുത്തു. ട്രാൻസിസ്റ്റർ, റേഡിയോ, ടേപ്പ്റിക്കാർഡർ മുതലായവ സുലഭമായി. ഏത്തം പോയി പമ്പുസെററ് വന്നു.

പക്ഷേ, അയൽപക്കത്തു പാർക്കുന്ന, 'ഗൾഫ് സമ്പാദ്യം' ഇല്ലാത്ത, സ്ഥിരവരുമാനക്കാരുടെ സ്ഥിതി അമ്പേ മോശമായി. ഇതു് നാട്ടിലെ സാമൂഹ്യഘടനയെ ബാധിച്ചു. സ്ത്രീധനനിരക്ക് ഉയർന്നു. പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹജീവിതം ഒരു വിദൂരസ്വപ്നമായി. യുവജനങ്ങൾ ഗൾഫ് സമ്പന്നരെ അസൂയയോടെ നോക്കാൻ തുടങ്ങി. എങ്ങനെയും ഗൾഫിലെത്തിപ്പററുക എന്നതായിത്തീർന്നു യുവജനങ്ങളുടെ ജീവിതസാഫല്യം. സാങ്കേതികമോ വിദ്യാഭ്യാസപരമോ ആയ ഉയർച്ച നേടിയിട്ട് ഒരു കാര്യവുമില്ലെന്ന് അവർ കരുതാൻ തുടങ്ങി. ഏതു സാഹസം ചെയ്തും ഏതു കുറുക്കുവഴിയിലൂടെയും ഒരു എൻ. ഒ. സി. നേടുന്നതിൽ കവിഞ്ഞ ഒരു പുരുഷാർത്ഥവും ഇല്ലെന്നുവന്നു.

കൈയിൽ പണം വന്നുചേർന്നിട്ടും, 'ഗൾഫ്' സമ്പാദ്യ'മുള്ള കുടുംബ ങ്ങളിലെ അംഗങ്ങളിൽ ഭൂരിപക്ഷത്തിനും പുതിയ എന്തെങ്കിലും വ്യവസാ യമോ പരിശ്രമമോ ആരംഭിക്കാനുള്ള താല്പര്യം ഉണ്ടായിട്ടില്ല. ഗൾഫിൽ നിന്ന് ഒഴുകിയെത്തുന്ന വൻതുക ഉല്പാദകങ്ങളായ പ്രവർത്തനങ്ങളിൽ നിക്ഷേപിക്കാനും അങ്ങനെ നാട്ടിൽ തൊഴിൽ വർദ്ധിപ്പിക്കാനും ഒരു പ്രയത്നവും നടക്കുന്നില്ല എന്നു ഡോ. അർപ്പുതരാജ് പറയുന്നു.

ഗൾഫ് രാജ്യങ്ങളിലെ ഇന്നത്തെ സ്ഥിതിയിൽ, അവിടെ ജോലി ചെയ്യുന്ന മിക്കവരും സംതൃപ്തരല്ല. ഗൾഫിൽ ഇവരുടെ ജോലിവ്യവസ്ഥ കളും ജീവിതസൗകര്യങ്ങളും അടിക്കടി വഷളായി വരികയാണ്. ഭാവി എന്തായിരിക്കുമെന്ന ആശങ്ക ഗൾഫ് ജോലിക്കാർക്കെല്ലാർക്കുമുണ്ട്. ഇപ്പോഴുള്ള ജോലി നഷ്ടപ്പെട്ടാൽ അവർക്കെല്ലാം തിരിച്ചുവരേണ്ടിവരും. എങ്ങോട്ട്? നാട്ടിലെത്തിയാൽ അവർ എന്തു ചെയ്യും?

ഗാൽബ്രെയ്ത്ത് സമർപ്പിച്ചതുപോലെ,ദരിദ്രമായ ഇന്നാട്ടിലെ ബഹു ജനങ്ങളുടെ ദാരിദ്ര്യത്തെ ഒന്നുകൂടി ദുർവഹമാക്കാനേ പുറമേനിന്നു വൻതോ തിലുള്ള ഈ ധനപ്രവാഹം ഇന്നോളം സഹായിച്ചിട്ടുള്ളു എന്ന നിഗമനത്തി ലാണ് ഡോ. അർപ്പുതരാജ് ചെന്നെത്തിയിട്ടുള്ളത്.

ശരിയാണോ? നിങ്ങളുടെ അനുഭവമെന്താണ്?

# 70. പരിസ്ഥിതി സംരക്ഷണത്തെപ്പററി ഒരു സർക്കാർ കമ്മററി

'ചാലിയാറിന് ഒരു അനുജത്തി' എന്ന പേരിൽ ജൂൺ ആറാം തീയ തിയിലെ 'കുമാരി'യിൽ എഴുതിയ ലേഖനത്തിൽ, കോഴിക്കോട്ട് മാവൂരി ലെ ഗ്വാളിയർ റയോൺസ് എന്ന ഫാക്ടറിയുടെ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലെ വനങ്ങൾ എങ്ങനെ വിധ്വംസിക്കപ്പെട്ടു എന്നും, സമീപപ്രദേശങ്ങളിലെ വെള്ളവും മണ്ണും വായുവും എങ്ങനെ വിഷദൂഷിത മായി എന്നും ഞാൻ വിവരിച്ചിരുന്നു. കോട്ടയം—എറണാകുളം റയിൽവേ യുടെ അടുത്ത് വെള്ളൂരിൽ പണി മിക്കവാറും പൂർത്തിയായ ന്യൂസ് പ്രിൻറ് ഫാക്ററിയിൽ ഉല്പാദനം ആരംഭിക്കുമ്പോൾ മാവൂരിലെ ദുരന്തം അവിടെയും ആവർത്തിക്കാതിരിക്കുന്നതിനു മുൻകരുതലുകൾ ഇപ്പോഴേ കൈക്കൊള്ളണമെന്നതായിരുന്നു ആ ലേഖനത്തിലെ മുഖ്യ പ്രതിപാദ്യം. തുടർന്ന് ഇങ്ങനെകൂടി എഴുതിയിരുന്നു:

'മലിനീകരണത്തിന് എതിരായ സമരത്തെ വനസംരക്ഷണത്തിനും വിശാലമായ പരിപ്രേക്ഷ്യത്തിൽ പ്രകൃതിസംരക്ഷണത്തിനും വേണ്ടിയുള്ള രാജ്യവ്യാപകമായ സമരവുമായി സംഘടിപ്പിക്കേണ്ടതുണ്ട്. പരിസ്ഥി തിയെപ്പററിയുള്ള ശാസ്ത്രീയബോധം പൊതുജനങ്ങളിൽ വളർത്തലാണ് ഈ സമരത്തിൻെറ പ്രഥമവും പ്രധാനവുമായ ഘട്ടം. മാവൂരിലെയോ വെള്ളൂ രിലെയോ പുനലൂരിലെയോ മലിനീകരണം ഒററപ്പെട്ട പ്രശ്നങ്ങളല്ല. വ്യാ പകമായ ഒരു ദേശീയ വിപത്തിൻെറ പ്രാദേശിക സ്ഫോടനങ്ങളാണ് ഇവ. പ്രാദേശികാടിസ്ഥാനത്തിലല്ലാതെ ദേശീയാടിസ്ഥാനത്തിൽ വേണം ഈ രോഗത്തെ ചികിത്സിക്കുവാൻ. അതേസമയം പ്രാദേശിക സംഘടനകൾ ബഹുജനങ്ങളെ ഉദ്ബുദ്ധരും കർമനിരതരുമാക്കുവാൻ ഇളവില്ലാതെ പ്രവർ ത്തിക്കുകയും വേണം.'

പരിസ്ഥിതിയെ സംരക്ഷിക്കുകയും മലിനീകരണം തടയുകയും ചെ